TK (1) 10032/12

കൃഷി ഡയറക്ടറേറ്റ്,
തിരുവനന്തപുരം
9.3.2012

## സർക്കുലർ

വിഷയം:- കൃഷി വകുപ്പ് - കർഷക ക്ഷേമം - ചെറുകിട നാമമാത്ര കർഷക പെൻഷൻ - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ്(എം.എസ്) 197/2011/കൃഷി തീയതി 16.8.2011.
2. സർക്കാർ ഉത്തരവ്(എം.എസ്) 26/2012/കൃഷി തീയതി 13.2.2012

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി രണ്ട് ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായി.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### യോഗ്യതകൾ

1. അപേക്ഷകൻ രണ്ട് ഹെക്ടറോ അതിന് താഴെയോ കൃഷി ഭൂമിയുള്ള ആളും 1.4.2011 ൽ 60 വയസ്സ് പൂർത്തീകരിച്ച ചെറുകിട നാമമാത്ര കർഷകനുമായിരിക്കണം.
2. അപേക്ഷകൻ കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക വൃത്തിയിൽ വ്യാപൃതനായിരുന്ന ആളും കൃഷി മുഖ്യ ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ള വ്യക്തിയുമായിരിക്കണം.
3. മറ്റു ക്ഷേമ പദ്ധതികൾ, പെൻഷൻ തുടങ്ങിയവയുടെ ഗുണ ഭോക്താവാകരുത്.
4. കുറഞ്ഞത് 10 സെൻറ് സ്ഥലത്തെങ്കിലും, സ്വന്തം ഭൂമിയിലോ, പാട്ടഭൂമിയിലോ കഴിഞ്ഞ 10 വർഷം മുടങ്ങാതെ കൃഷി ചെയ്യുന്ന ആൾ ആയിരിക്കണം. നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവിളകൾ തുടങ്ങിയ ഏത് വിളകളും കൃഷി ചെയ്യുന്ന കർഷകന് ആനുകൂല്യം നൽകാവുന്നതാണ്.

5. ഒരു കുടുംബത്തിൽ നിന്നും ഒരംഗത്തിനു മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.
6. തിരഞ്ഞെടുക്കപ്പെടുന്ന കർഷകൻ/കർഷകയുടെ കുടുംബാംഗങ്ങൾക്ക് (ഭർത്താവ്/ഭാര്യ/മക്കൾ) മറ്റു സ്രോതസ്സുകളിൽ നിന്നും സ്ഥിരവരുമാനം ലഭിക്കുന്നുവെങ്കിൽ ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
7. സാമ്പത്തികമായി ഏറ്റവും പിന്നിൽ നിൽക്കുന്നവർക്ക് പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്.

**പ്രവർത്തനരീതി**

1. വിവിധ വാർത്താമാധ്യമങ്ങൾ വഴിയും സെമിനാറുകൾ, ഗ്രൂപ്പ് ചർച്ചകൾ, മറ്റ് സമ്പർക്ക രീതികൾ എന്നിവയിലൂടെയും പദ്ധതിക്ക് വേണ്ടത്ര പ്രചരണം നൽകണം.
2. അപേക്ഷകൻ നിർദ്ദിഷ്ട ഫോറത്തിൽ (നിലവിലുള്ള കിസാൻ അഭിമാൻ പദ്ധതി പ്രകാരമുള്ള മാതൃക) അപേക്ഷയോടൊപ്പം വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനും വരുമാനം നിജപ്പെടുത്തുന്നതിനുമുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. പാട്ടകൃഷിക്കാരാനാണെങ്കിൽ ഭൂടമയിൽ നിന്നും കഴിഞ്ഞ 10 വർഷമായി ഭൂമിയിൽ സ്ഥിരമായി പാട്ടകൃഷി ചെയ്യുന്നു എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.
3. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളായ കർഷകരുടെ ലിസ്റ്റ് കാർഷിക വികസന സമിതിയുടെ അംഗീകാരം വാങ്ങി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പേരുവിവരങ്ങൾ പഞ്ചായത്തിലും കൃഷി ഭവനിലും പരസ്യപ്പെടുത്തേണ്ടതുമാണ്. അംഗങ്ങളുടെ വിശദവിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ ബന്ധപ്പെട്ട കൃഷി ഭവനിൽ സൂക്ഷിക്കേണ്ടതാണ്.
4. നിബന്ധനകൾക്ക് അനുസൃതമായി തിരഞ്ഞെടുത്ത കർഷകരിൽ നിന്നു മാത്രം 25/- രൂപ **രജിസ്ട്രേഷൻ ഫീസായി കൃഷി ഭവനിൽ അടയ്ക്കേണ്ടതാണ്.**

5. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ എല്ലാ കൃഷി ഭവനുകളിലും ഉടൻതന്നെ സ്വീകരിച്ചു തുടങ്ങുകയും ഏപ്രിൽ 15 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ്.

6. ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് പെൻഷൻ അവരവരുടെ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കും വിതരണം ചെയ്യുക. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങൾ കൃഷി ഓഫീസർ സൂക്ഷിക്കേണ്ടതാണ്. നിലവിൽ അക്കൗണ്ടില്ലാത്തവർക്ക് പുതിയ അക്കൗണ്ട് തുടങ്ങാൻ നിർദ്ദേശ നൽകേണ്ടതാണ്.

7. അപേക്ഷയും ബന്ധപ്പെട്ട രേഖകളും കൃഷി ഭവനിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

8. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും ഏപ്രിൽ 15-ാം തീയതിക്കുള്ളിൽ താഴെപറയുന്ന പ്രഫോർമയിൽ കൃഷി ഡയറക്ടറിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | ജില്ല | അർഹരായ അപേക്ഷകരുടെ എണ്ണം | അനുവദിക്കേണ്ട തുക |
|---|---|---|---|
| | | | |

9. നിലവിലുള്ള കിസാൻ അഭിമാൻ പദ്ധതി പ്രകാരം പെൻഷൻ ആനുകൂല്യം കൈപറ്റുന്ന ഗുണഭോക്താക്കളെ കൂടി ഈ പുതിയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ നിരക്കിൽ ( പ്രതിമാസം 400/- രൂപ) പെൻഷൻ നൽകേണ്ടതാണ്.

10. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ അതാത് ജില്ലയിൽ ജില്ലാപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായും കൃഷി ഡെപ്യൂട്ടി ഡയറക്ടറും (ക്രെഡിറ്റ്) ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡൻറും ബന്ധപ്പെട്ട കൃഷി അസിസ്റ്റൻറ് ഡയറക്ടറും അംഗങ്ങളായിട്ടുള്ള സമിതി പരിശോധിച്ച് തീർപ്പ് കൽപ്പിക്കേണ്ടതാണ്.

11. പദ്ധതിയിൽ ചേർന്നിട്ടുള്ള അംഗം മരണമടഞ്ഞാൽ ഉടൻതന്നെ പെൻഷൻ ആനുകൂല്യം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ കൃഷി ഓഫീസർ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിവരം കൃഷി ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

**ജീവിച്ചിരിക്കുന്നതിന്റെ സാക്ഷ്യപത്രം**

പദ്ധതി അംഗങ്ങളായിട്ടുള്ള കർഷകർ ജീവനോടിരിക്കുന്നുവെന്ന് തെളിയിക്കുന്നതായി എല്ലാ വർഷവും ഏപ്രിൽ 1-ാം തീയതി മുതൽ മെയ് മാസം 20-ാം തീയതിക്കകം കർഷകർ ബന്ധപ്പെട്ട കൃഷി ഓഫീസിൽ നേരിട്ട് ചെന്ന് രജിസ്റ്ററിൽ ഒപ്പ് വയ്ക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിന്റെ ചുമതല സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) ക്കും ജില്ലാതലത്തിൽ ജില്ലാ കൃഷി ഓഫീസർക്കും ഡെപ്യൂട്ടി ഡയറക്ടർ (സി) ക്കും ബ്ളോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസർമാർക്കുമായിരിക്കും.

മുകളിൽ പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ച് ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും ഉടൻ തന്നെ സ്വീകരിക്കേണ്ടതാണ്.

Sd/-
കൃഷി ഡയറക്ടർ

പകർപ്പ്

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ

കൃഷി അഡീഷണൽ ഡയറക്ടർ
(Extn)